കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

ഇ-മെയിൽ – dopkd.ksad@kerala.gov.in

Phone – 04912520145

www.ksad.kerala.gov.in

# തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി15/93/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 12.05.2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത്

രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി15/93/2020 തീയതി – 12.05.2020

## പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.10.2018മുതൽ 20.10.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ. സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019 മുതൽ 30.10.2019വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എസ്. പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ |
| | എസ്.എച്ച്.ഷർഫുദ്ദീൻ | അസി. ഓഡിറ്റ് ഓഫീസർ |
| | എം.ശിവപ്രസാദ് | അസി. ഓഡിറ്റ് ഓഫീസർ |
| | എ.കെ. ജിജീഷ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഇന്ദിര. സി . | 01.04.18 മുതൽ 31.3.19 വരെ |
| സെക്രട്ടറി | ദിനേഷ്. കെ | 1.4.18 മുതൽ 31.3.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | കെ. കിഷോർ | 1.4.18മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശശി കുമാർ. കെ | 1.4.18മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.കെ.എസ്.മണി | 1.4.18മുതൽ 31.3.19 വരെ |
| സീനിയർ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ടി.ഗീതാറാണി | 1.4.18മുതൽ 16.7.18 വരെ |
| | ഡോ. ടി.വി. സുവിജ | 17.7.18 മുതൽ 31.3.19 വരെ |
| വെറ്ററിനറി സർജൻ | ഡോ. മിനി. കെ.പി | 1.4.18മുതൽ 31.3.19 വരെ |
| കൃഷി ഓഫീസർ | വസന്ത. ആർ | 1.4.18 മുതൽ 31.3.19 വരെ |
| ഹെഡ്മിസ്ട്രസ് | ഉഷ എൻ.ആർ | 1.4.18 മുതൽ 31.3.19 വരെ |
| വി.ഇ.ഒ. ഗ്രേഡ് I | ലാലു | 1.4.18മുതൽ 7.11.18 വരെ |
| വി.ഇ.ഒ. ഗ്രേഡ് II | മനോജ്.എം | 1.4.18മുതൽ 31.3.19 വരെ |
| ICDS സൂപ്പർവൈസർ | കുമാരി.കെ | 1.4.18മുതൽ 31.3.19 വരെ |
| ക്ഷീര വികസന ഓഫീസർ | ജയലക്ഷ്മി. കെ | 1.4.18മുതൽ 5.6.18 വരെ |
| | ഒഴിവ് | 6.6.18 മുതൽ 31.8.18 വരെ |
| | പ്രിൻസി. എസ്. ജോൺ (ഇൻ ചാർജ്ജ്) | 1.9.18മുതൽ 4.10.18 വരെ |
| | അനൂപ്. പി.എ | 5.10.18 മുതൽ 31.3.19 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |

| | | |
|---|---|---|
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം: |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 12 | 1-12 | ലൈസൻസ് നൽകൽ- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. |
| 13 | 1-13 | 57,372/- രൂപ മുറികളുടെ വാടകകുടിശ്ശികയായി നിലനിൽക്കുന്നു. |
| 14 | 1-14 | ദുരിതാശ്വാസ നിധിയുടെ സാധ്യത പരിശോധിക്കേണ്ടതാണ് |
| 15 | 1-15 | ഗാർഹിക കണക്ഷനുകൾ നൽകി പൊതുടാപ്പുകളുടെഎണ്ണം കുറക്കേണ്ടതാണ് |
| 16 | 1-16 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. |
| 17 | 1-17 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല |
| 18 | 1-18 | മരുന്നുകൾ വാങ്ങുന്നതിൽ സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിക്കണം |
| 19 | 1-19 | പാലിന് സബ്സിഡി നൽകൽ -മുഴുവൻ കാലയളവിലെ തുകയും കർഷകർക്ക് ലഭ്യമായിട്ടില്ല. |
| 20 | 1-20 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് |
| 21 | 1-21 | ഡെപ്പോസിറ്റ് വർക്കുകൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| 22 | 1-22 | വി.ഇ.ഒ നടപ്പിലാക്കിയ സ്പിൽ ഓവർ പദ്ധതികളിൽ നിന്ന് അനധികൃതമായി സബ്സിഡി തുക മാറ്റിയെടുത്തു |
| 23 | 1-23 | ലൈഫ് മിഷൻ പാർപ്പിട സുരക്ഷ പദ്ധതി - അവലോകനം |
| 24 | 1-24 | അഗതിരഹിത കേരളം- ഗ്രാമ പഞ്ചായത്ത് വിഹിതം നാളിതുവരെയും ചെലവഴിച്ചില്ല |
| 25 | 1-25 | ഹരിതകേരളം- പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ നാളിതുവരെയും ലഭ്യമായിട്ടില്ല |
| 26 | 1-26 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- പൊതുവായ കാര്യങ്ങൾ |
| 27 | 1-27 | കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം: |
| 28 | 1-28 | പട്ടികജാതി വനിതകൾക്ക് വ്യവസായ വിപണന കേന്ദ്രം കെട്ടിടം ഉപയോഗപ്പെടുത്തണം. |
| 29 | 1-29 | അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗനിർദ്ദേശങ്ങൾ പാലിക്കണം |
| 30 | 1-30 | ബിറ്റുമെൻ ബാരൽ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ |

| | | |
|---|---|---|
| | | അടക്കണം: |
| ഭാഗം – 2<br>- പരാമർശങ്ങൾ ഇല്ല - | | |
| 31 | 3-1 | വി.ഇ.ഒ നടപ്പിലാക്കിയ സ്പിൽ ഓവർ പദ്ധതികളിൽ നിന്ന് അനധികൃതമായി സബ്സിഡി തുക മാറ്റിയെടുത്തു |
| 32 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 33 | 4-2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 34 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 35 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 36 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 37 | 4-6 | സ്ഥിര നിക്ഷേപം |
| 38 | 4-7 | ഓഡിറ്റ് റിക്കവറി |
| 39 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 40 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 41 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 42 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 43 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 44 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 45 | അനുബന്ധം-2 | വരവു ചെലവു പത്രിക - സംക്ഷിപ്തം |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27/03/2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26/03/2019 തീയതിയിലെ രണ്ടാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 27.05.2019 | ബാധകമല്ല | ബാധകമല്ല |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5463966.54 |
| വരവ് | 120053008.00 |
| ആകെ | 125516974.54 |
| ചെലവ് | 111149573.00 |
| നീക്കിയിരിപ്പ് | 14367401.54 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 19311555 | 19311555 | 19310868 | 687 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 19764000 | 19764000 | 18616167 | 1147833 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 58000 | 58000 | 0 | 58000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7280000 | 7280000 | 7276921 | 3079 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3885000 | 3885000 | 3772457 | 112543 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8963000 | 8963000 | 8927104 | 35896 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | | | | |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | അഡ്മി നിസ്ട്രേറ്റീവ് ചെലവ് | 47.54 | 499073 | 499120.54 | 495788 | 3332.54 |
| | തൊഴി ലാളികളുടെ കൂലി | 0 | 32525979 | 32525979 | 32525979 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ - ICDS<br>(ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ) | | 2240181 | 756088 | 2996269 | 1932985 | 1063284 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ - ശുചിത്വമിഷൻ (ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ) | | 1063324 | 2118327 | 3181651 | 1002340 | 2179311 |
| ജോയിന്റ് വെഞ്ചർ- ബ്ലോക്ക് പഞ്ചായത്ത് | | 2 | 2924309 | 2924311 | 2326895 | 597416 |
| ജോയിന്റ് വെഞ്ചർ- ജില്ലാ പഞ്ചായത്ത് | | | 6824196 | 6824196 | 5869876 | 954320 |
| ബി ഫണ്ട് | | 0 | 204240 | 204240 | 204240 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ്/ ട്രഷറി | | 522079 | 21526874 | 22048953 | 16198384 | 5850569 |
| തനത് ഫണ്ട് (ബാങ്ക് അക്കൗണ്ട്) | | 4938277 | 8962021 | 13900298 | 6667361 | 7232937 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 143 | 65555609 | 111 | 40389964 | 0 | 32 | 78 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 47.54 | 499073 | 499120.54 | 495788 | 3332.54 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 32525979 | 32525979 | 32525979 | 0 |
| ആകെ | 47.54 | 33025052 | 33025099.54 | 33021767 | 3332.54 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 174,240.00 | 107 |
| കർഷകതൊഴിലാളി പെൻഷൻ | 12,893,600.00 | 958 |
| വിധവാപെൻഷൻ | 15,173,800.00 | 1255 |
| വാർദ്ധക്യകാലപെൻഷൻ | 18,584,600.00 | 1614 |
| വികലാംഗപെൻഷൻ | 4,303,100.00 | 352 |
| അവിവാഹിത പെൻഷൻ | 1,024,400.00 | 83 |
| വിവാഹ ധനസഹായം | 30,000.00 | 4 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.10.11 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5380രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ

ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല. ഫയർ എക്സ്റ്റിംഗ്യൂഷർ സ്ഥാപിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/ വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. അനൗൺസ്മെന്റ്, കാമ്പ് കലക്ഷൻ, ഫീൽഡ് കളക്ഷൻ, കുടുംബശ്രീ മുഖേന

നോട്ടീസ് നൽകൽ നികുതികൾ എന്നീ മാർഗങ്ങൾ നികുതി പിരിച്ചെടുക്കുന്നതിൽ സ്വീകരിച്ചിട്ടുണ്ട്. 2018-19ൽ 100% പിരിവ് കൈവരിച്ചിട്ടുണ്ട്. ഇതിനായി ജീവനക്കാർ നടത്തിയ കൂട്ടായ ശ്രമം അഭിനന്ദനാർഹമാണ്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ 31.3.2019 വരെ സൃഷ്ടിച്ച ആസ്തികൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

പഞ്ചായത്ത് കമ്മറ്റി മീറ്റിംഗിന് " സകർമ്മ" യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചപ്പോൾ തയ്യാറാക്കി ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കി നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുന്നതിന് പകരം സമയപരിമിതിയുള്ളതിനാൽ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ വാങ്ങി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ തന്നെ ഭരണ സമിതി ഏൽപ്പിച്ചതാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ധനാപഹരണം നടത്താൻ കാരണമായത്. പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും സർക്കാർ മാർഗനിർദ്ദേശങ്ങളും പദ്ധതി നടത്തിപ്പിൽ പാലിക്കേണ്ടതാണ്.

2018-19 വർഷം സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെയും അവയുടെ വിനിയോഗത്തിന്റയും വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ലഭിച്ച തുക | ചെലവ് | ശതമാനം |
|---|---|---|---|
| പ്ലാൻ (ജനറൽ) | 19311555 | 19310868 | 100 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| പ്ലാൻ (എസ്.സി.പി) | 19764000 | 18616167 | 94.19 |
| ധനകാര്യ കമ്മീഷൻ അവർഡ് | 8963000 | 8927104 | 99.6 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 7280000 | 7276921 | 99.96 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 3885000 | 3772457 | 97 |

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാത് വർഷം പരമാവധി ചെലവഴിക്കുന്നത് അഭിനന്ദനാർഹമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.10.2019 | 1.8.19 മുതൽ 31.8.19 വരെ | 9.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.04.2011 മുതൽ 16.04.2011 വരെ<br>2006-07 മുതൽ 2010-11 വരെ | 18.05.2011 |

# 1-11 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2018-19 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

എ) സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയ്ക്കോ നൽകേണ്ടതുമാണ്. നിലവിൽ സ്ഥാപനങ്ങളുടേ പേര് ഉൾപ്പെടുന്ന ഒരു ലിസ്റ്റ് ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യഭാഗത്ത് ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ചട്ടം അനുസരിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ബി)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു.താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു. ഈ സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനം (ജീവനക്കാരുടെ എണ്ണം) | അർദ്ധ വർഷം |
|---|---|---|
| 1 | എസ് എ എഫ് ഫുഡ് പ്രൊഡക്റ്റ്സ്(5) | 1&2 |
| 2 | പി കെ ആർ മോഡേൺ റൈസ് മിൽ(10) | 1&2 |
| 3 | സൺ ഡിസൈൻ ടൈൽസ്(7) | 1&2 |
| 4 | അവിട്ടം ഇൻഡസ്ട്രീസ്(3) | 1&2 |

സി)ക്ഷീരോൽപ്പാദക സഹകരണ സംഘം, റേഷൻ കടകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് .

പഞ്ചായത്ത് പരിധിയിൽ 4 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളും 9 റേഷൻ കടകളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളെയും റേഷൻ കടകളെയും സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഈ

സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.1.19 ലെ (സി.എസ്) എ9-764/2019 നമ്പർ ഉത്തരവിൽ റേഷൻ കടകളെ തൊഴിൽനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് പരാമർശിച്ചിട്ടുണ്ട്.

ഡി)തൊഴിൽ നികുതി കുറവായി ഈടാക്കി

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം (ഒന്നാം) | ഈടാക്കിയത് | ഈടാക്കാവുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | ജി.എച്ച്.എസ്.എസ് തേങ്കുറുശ്ശി | വിദ്യ (ലാബ് അസിസ്റ്റന്റ്) | 1,28,200/- | 1000/- | 1,250/- | 250/- |
| | | | ആകെ | | | 250/- |

കുറവു വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-12 ലൈസൻസ് നൽകൽ- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2018-19 വർഷത്തിൽ ലഭിച്ച ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. അപാകതകൾ പരിഹരിക്കേണ്ടതാണ്.

<u>എ)റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് ഡി&ഒ ലൈസൻസ് ആവശ്യമാണ്. എന്നാൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.1.09ലെ ഉത്തരവ് നം. (സി.എസ്) എ9-764/2019 പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീ, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിനൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. മേൽ വിഷയം 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ 2018-19 വർഷത്തിലും ലൈസൻസ് എടുത്തതായി കാണുന്നില്ല. റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

<u>ബി)ക്ഷീര സഹകരണ സംഘങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളൊന്നും ലൈസൻസ് എടുത്തിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും

ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ 4 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. തേങ്കുറിശ്ശി ക്ഷീര സഹകരണ സംഘം
2. കോട്ടടി ക്ഷീര സഹകരണ സംഘം
3. വലിയാട്ട് കുന്ന് ക്ഷീര സഹകരണ സംഘം
4. മഞ്ഞളൂർ ക്ഷീര സഹകരണ സംഘം

ടി സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

<u>സി)ലൈസൻസ് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ചേർക്കേണ്ടതാണ്.</u>

ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനം സ്ഥിതി ചെയ്യുന്ന വാർഡ്, കെട്ടിട നമ്പർ, സ്ഥാപനത്തിന്റെ തരം എന്നിവ എഴുതേണ്ടതാണ്.

<u>ഡി)ഫാമുകളെ ലൈവ് സ്റ്റോക്ക് ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.</u>

കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ 2012 ,ചട്ടം 3,ഉപചട്ടം (1)ൽ പറഞ്ഞതിനേക്കാൾ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്ന ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടു പോകുവാനോ ഉപചട്ടം (2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന കോഴി ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം | ലൈസൻസി | വാർഡ് / കെട്ടിട നം | ഫാം |
|---|---|---|---|
| 1 | ജോമോൻ.പി.ജോണി, പൈനാടത്ത്, മഞ്ഞളൂർ | 14/48 | കോഴി ഫാം |
| 2 | പ്രീജാ ജോമോൻ, പൈനാടത്ത്, മഞ്ഞളൂർ | 14/49 | കോഴി ഫാം |
| 3 | വിശ്വനാഥൻ, പച്ചിലാംകോട് കളം | 9/213, 214 | കോഴി ഫാം |

ടി ഫാമുകളുൾപ്പെടെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ഫാമുകളേയും ലൈവ്സ്റ്റോക്ക് ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

<u>ഇ)ട്രേഡ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും പുതുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ്

പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്.പുതിയ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനായി ഓരോ വർഷവും ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ലിസ്റ്റ് കാലികമാക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-13 വാടക കുടിശ്ശിക ഈടാക്കണം

2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ബി-15 പ്രകാരം 57,372/- രൂപ മുറികളുടെ വാടകയിനത്തിൽ കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്. ബാംബൂ കോർപ്പറേഷന് നൽകിയിട്ടുള്ള മുറിയുടെ വാടകക്കുടിശ്ശികയാണ് ഇത്. ഈ തുക ഇതുവരെ അടവാക്കിയിട്ടില്ല എന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും 28-10-19 ലെ ഓഡിറ്റ് അന്വേഷണം-8 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

# 1-14 ദുരിതാശ്വാസനിധിയുടെ സാധ്യത പരിശോധിക്കേണ്ടതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്കു അടിയന്തിര സന്ദർഭങ്ങളിൽ ധനസഹായമെത്തിക്കുന്നതിനു വേണ്ടി ഓരോ ഗ്രാമപഞ്ചായത്തിലും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കുന്നത് നല്ലതായിരിക്കുമെന്ന് സർക്കാർ കരുതുന്നു. ധനശേഖരണാർത്ഥമുള്ള കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി ആരംഭിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഒരു അക്കൗണ്ട് സൂക്ഷിച്ചുപോരേണ്ടതാണ്. തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ച് ധനം സ്വരൂപിക്കാവുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

# 1-15 ഗാർഹിക കണക്ഷനുകൾ നൽകി പൊതുടാപ്പുകളുടെ എണ്ണം കുറക്കേണ്ടതാണ്

തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിൽ കേരള ജല അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള 243 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൻ പ്രകാരം ടാപ്പൊന്നിന് 5250/- രൂപ നിരക്കിൽ 12,75,756/- രൂപ വെള്ളക്കരം ഇനത്തിൽ കേരള ജല അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. പ്രാദേശിക തലത്തിൽ കുടിവെള്ളപദ്ധതികൾ ആരംഭിച്ച് ഗാർഹിക കണക്ഷനുകൾ നൽകി പൊതുടാപ്പുകൾ പരമാവധി കുറക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീയതി 14.2.18 പ്രകാരം പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും ഹൗസ്

കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ഹൗസ് കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും നൽകുന്ന രീതിയിൽ പ്രൊജക്ട് തയ്യാറാക്കണം. ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യേണ്ടതാണ്. 29-10-19 ലെ ഓഡിറ്റ് അന്വേഷണം-16 ന് മറുപടിയായി സംയുക്ത പരിശോധന നടത്തി വരുന്നതായി അറിയിച്ചിട്ടുണ്ട്.

# 1-16 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

1) പ്രൊജക്ട് - " ഹരിതകേരളം-തരിശ് ഭൂമിയിൽ പച്ചക്കറി/പാട്ടകൃഷി "

പ്രൊജക്ട് നമ്പർ-159/19

അടങ്കൽ -50000

ചെലവ് -50000

ബിൽ നമ്പർ -34/18-19 dt 14.2.19

ഹരിതകേരളം-തരിശ് ഭൂമിയിൽ പച്ചക്കറി/പാട്ടകൃഷി എന്ന പ്രൊജക്ട് പ്രകാരം 50000 രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയത് താഴെ പറയുന്ന വ്യക്തികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | ശിവരാമൻ.ടി | 12000 | 074108041867 |
| 2 | വേലായുധൻകുട്ടി.വി | 16000 | 0745101002753 |
| 3 | ചന്ദ്രബോസ് | 10800 | 18900100045799 |
| 4 | സത്യഭാമ | 11200 | 5704538645 |
| ആകെ | | 50000 | |

ഓഡിറ്റിന് ഗുണഭോക്താക്കളുടെ അപേക്ഷ മാത്രമാണ് ലഭ്യമാക്കിയത്. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഹാജരാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ.നം) 22/2018/ത.സ്വ.ഭ.വ തീയ്യതി 14.2.18 പ്രകാരം പാടശേഖര സമിതികൾ, കുടുംബശ്രീ, എസ്.എച്ച്.ജി, കൂട്ടായ്മകൾ,തൊഴിലുറപ്പ് ജെ.എൽ.ജി.കൾ, സാമൂഹ്യ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, പുരുഷ എസ്.എച്ച്.ജി. കള എന്നിവക്ക് പ്രസ്തുത ആനുകൂല്യം നൽകാമെന്നും കൃഷി ഓഫീസർ നിർദ്ദിഷ്ട പ്രദേശം കൃഷിയോഗ്യമായ തരിശ് ആയിരുന്നുവെന്നും പച്ചക്കറി കൃഷിക്ക് അനുയോജ്യമാണെന്നും സാക്ഷ്യപ്പെടുത്തണമെന്നും പ്രസ്തുത ഗുണഭോക്താക്കൾ കുറഞ്ഞത് 20 സെന്റ് സ്ഥലത്ത്

കൃഷി ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (3/24.10.19) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 50000 രൂപ തടസ്സപ്പെടുത്തുന്നു.

2) പ്രൊജക്ട് – "ഹരിതകേരളം-ജൈവ നേഴ്സറിക്ക് മഴമറ "

പ്രൊജക്ട് നമ്പർ-254/19

അടങ്കൽ -25000/-

ചെലവ് -25000/-

ചെക്ക് നമ്പർ -2606643/22.3.19

ഹരിതകേരളം-ജൈവ നേഴ്സറിക്ക് മഴമറ എന്ന പ്രൊജക്ട് പ്രകാരം 25000 രൂപ തനത് ഫണ്ടിൽ നിന്നും രാധ.കെ എന്നവരുടെ അക്കൗണ്ടിലേക്ക് (0745101012077) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഫയലിനോടൊപ്പം ഹാജരാക്കിയത് അക്കൗണ്ട് നമ്പർ 745101048547 ന്റെ പാസ്ബുക്കിന്റെ പകർപ്പാണ്. (കാരുണ്യ JLG വിളയഞ്ചാത്തന്നൂർ). പ്രസ്തുത ഗുണഭോക്താവിനെ തിരഞ്ഞെടുത്തതിന്റെ വിശദാംശങ്ങളും പ്രസ്തുത പ്രവൃത്തി ചെയ്തതിന്റെ വിശദാംശങ്ങളും ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (3/24.10.19) നൽകിയെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 25000 രൂപ തടസ്സപ്പെടുത്തുന്നു

3)നെൽകൃഷിക്ക് കൂലിച്ചിലവ് സബ്സിഡി -

പ്രൊജക്ട് നമ്പർ-147/19

അടങ്കൽ -10600000/-

ചെലവ് -5200000 (പദ്ധതി വിഹിതം -5200000, ബ്ലോക്ക് പഞ്ചായത്ത് -1416000, ജില്ലാ

പഞ്ചായത്ത് -2476000)

a) താഴെ പറയുന്ന ബിൽ നമ്പർ പ്രകാരം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ (നെൽകൃഷിക്ക് കൂലിച്ചിലവ് സബ്സിഡി) ഹാജരാക്കിയില്ല.

| ബിൽ നമ്പർ | തുക | തീയ്യതി |
|---|---:|---|
| 18/18-19 | 240955 | 1.11.18 |
| 19/18-19 | 122850 | 1.11.18 |
| 20/18-19 | 168610 | 1.11.18 |
| ആകെ | 532415 | |

b)ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1416000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 2476000 രൂപയും താഴെ പറയുന്ന ചെക്ക് നമ്പറുകൾ പ്രകാരം കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്.

<u>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</u>

| ക്രമ നമ്പർ | ചെക്ക് നമ്പർ/ തീയ്യതി | തുക |
|---|---|---|
| 1 | 2422400/14.3.19 | 479899 |
| 2 | 1842601/14.3.19 | 476352 |
| 3 | 1842602/14.3.19 | 459749 |
| ആകെ | | 1416000 |

<u>ജില്ലാ പഞ്ചായത്ത് വിഹിതം</u>

| ക്രമ നമ്പർ | ചെക്ക് നമ്പർ/ തീയ്യതി | തുക |
|---|---|---|
| 1 | 1842603/14.3.19 | 497185 |
| 2 | 1842604/14.3.19 | 495282 |
| 3 | 1842605/14.3.19 | 492652 |
| 4 | 1842606/14.3.19 | 497496 |
| 5 | 1842607/14.3.19 | 493385 |
| ആകെ | | 2476000 |

പദ്ധതി വിഹിതത്തിൽ നിന്നും മാറിയതിന്റെയും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല. (എൻക്വയറി നമ്പർ 3/24.10.19)

ആയതിനാൽ മേൽ പറഞ്ഞ ഇനത്തിൽ ചെലവഴിച്ച 4424415 രൂപ തടസ്സപ്പെടുത്തുന്നു.

4) പ്രൊജക്ട് -ഹരിതകേരളം-പരിസ്ഥിതി സൗഹൃദ നെൽകൃഷി

പ്രൊജക്ട് നമ്പർ-157/19

അടങ്കൽ-200000/-

ചെലവ്-200000/-

ബിൽ നമ്പർ-36/18-19 dt 19.2.19

മേൽ പറഞ്ഞ പ്രൊജക്ട് പ്രകാരം 200000 രൂപ 25 ഗുണഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾ നെൽകൃഷി ചെയ്തതിന്റെ രേഖകളോ തുക അനുവദിക്കാമെന്ന കൃഷി ഓഫീസറുടെ റിപ്പോർട്ടോ ലഭ്യമാക്കിയില്ല. പ്രസ്തുത പ്രൊജക്ട് പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ പാസ് ബുക്കിലും ബിൽ കോപ്പിയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പാസ്ബുക്കിലെ അക്കൗണ്ട് നമ്പർ | ബിൽ കോപ്പിയിലെ അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | പി.മണികണ്ഠൻ | 0370101000941 | 0745101008648 |

| | | | |
|---|---|---|---|
| 2 | സോമബിന്ദു കെ.ബി | ഹാജരാക്കിയില്ല | 0745101043506 |
| 3 | രാധാകൃഷ്ണൻ ടി.ആർ | 0745101042443 | 03701010000459 |
| 4 | വിജയരാഘവൻ, ഭാർഗ്ഗവി | 03701010005166 | 03701010051166 |
| 5 | സുബാഷ് കെ.ബി | 03701010004177 | 1167101015576 |
| 6 | അബ്ദുൾ റഹ്മാൻ | ഹാജരാക്കിയില്ല | 67224840653 |

മേൽ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5) പ്രൊജക്ട് -പച്ചക്കറി കൃഷിക്ക് കൂലിച്ചെലവിന് സബ്സിഡി

പ്രൊജക്ട് നമ്പർ-152/19

അടങ്കൽ-24000/-

ചെലവ്-24000/-

ബിൽ നമ്പർ-35/18-19 dt 14.2.19

പച്ചക്കറി കൃഷിക്ക് കൂലിച്ചെലവിന് സബ്സിഡി എന്ന പ്രൊജക്ട് പ്രകാരം 24000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് പ്രകാരം 5 ഗുണഭോക്താക്കൾക്ക് 4800 രൂപ വീതം നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല.

6) പ്രൊജക്ട് -കൃഷിഭവനിലേക്ക് പ്രിന്ററും അനുബന്ധസാമഗ്രികളും വാങ്ങൽ

പ്രൊജക്ട് നമ്പർ-160/19

അടങ്കൽ-20000/-

ചെലവ്-19800/-

ബിൽ നമ്പർ-1/18-19 dt 6.9.18

കൃഷിഭവനിലേക്ക് പ്രിന്ററും അനുബന്ധസാമഗ്രികളും വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം 19800 രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ വാങ്ങാൻ ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകളോ സ്ഥാപനത്തിന്റെ വിവരങ്ങളോ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങളോ ഹാജരാക്കിയില്ല.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (3/24.10.19) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ഇക്കാര്യത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

പ്രൊജക്ട് നമ്പർ-169/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

അടങ്കൽ-80000/-

ചെലവ് -70000/-

മാർഗ്ഗ ദീപ്തി സൗജന്യ മനോരോഗ ചികിത്സാ പദ്ധതി-പി.എച്ച്.സി മുഖേന മരുന്നു വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം 70000 രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|
| 4/18-19 | 11.7.18 | 40000 |
| 11/18-19 | 11.3.19 | 30000 |

മുകളിൽ പറഞ്ഞ ബിൽ നമ്പർ 4/18-19 പ്രകാരം 40000 രൂപ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, പാലക്കാട് മെഡിക്കൽ സ്റ്റോർ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പറിലേക്ക് (10810200014694) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നമ്പർ 0901301/17119 dt 16.3.18 പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (13/29.10.19) നൽകിയെങ്കിലും സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 40000 രൂപ തടസ്സപ്പെടുത്തുന്നു.

# 1-18 മരുന്നുകൾ വാങ്ങുന്നതിൽ സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിക്കണം

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ സപ്ലൈക്കോവിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| പ്രൊജക്ട് | ബിൽ നമ്പർ | തുക |
|---|---|---|
| പാലിയേറ്റീവ് പരിചരണ പദ്ധതി | 12/18-19 dt 26.3.19 | 279399 (ഇതിൽ 249999 രൂപ സപ്ലൈകോക്ക് നൽകി) |
| മാർഗ്ഗ ദീപ്തി സൗജന്യ മനോരോഗ ചികിത്സാ | 4/18-19 dt 11.7.18 | 40000 |
| [illegible] | [illegible] | |

| | | |
|---|---|---|
| പദ്ധതി-പി.എച്ച്.സി മുഖേന മരുന്ന വാങ്ങൽ | 11/18-19 dt 11.3.19 | 30000 |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ലെ മാർഗ്ഗരേഖ ഖണ്ഡിക 7.5.3(1) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നാണ് വാങ്ങേണ്ടത്. ഖണ്ഡിക 7.5.4 അനുസരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ കാരുണ്യ, നീതി, ജെൻഔഷധി മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണ്. എന്നാൽ ഈ ഉത്തരവുകളൊന്നും പാലിക്കാതെയാണ് മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/29.10.19) മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും മരുന്ന് ലഭ്യമാവാത്തതിനാലാണ് സപ്ലൈകോയിൽ നിന്നും വാങ്ങിയിട്ടുള്ളതെന്ന് മറുപടി തന്നിട്ടുണ്ട്. ഭാവിയിൽ മരുന്നുകൾ വാങ്ങുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 പാലിന് സബ്സിഡി നൽകൽ -മുഴുവൻ കാലയളവിലെ തുകയും കർഷകർക്ക് ലഭ്യമായിട്ടില്ല.

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്ട് (161) പ്രകാരം 4,00,000 രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്. (തനത് ഫണ്ട് -3,00,000, ജില്ലാ പഞ്ചായത്ത് -1,00,000).

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 2606646 | 24.3.19 | 300000 |
| 1842611 | 26.3.19 | 100000 |
| Total | | 4,00,000 |

രേഖകൾ പരിശോധിച്ചതിൽ 2018 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലയളവിലെ ആനുകൂല്യമാണ് നൽകിയിട്ടുള്ളത്. ബാക്കി മാസങ്ങളിലെ ആനുകൂല്യം നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (10/28.10.19) നൽകിയതിന് ഫണ്ട് വകയിരുത്താത്തതിനാലാണ് ആനുകൂല്യം നൽകാൻ കഴിയാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്.

13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.22/2018 തസ്വഭവ, തീയതി. 14.2.18പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4 രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്.

വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ചർച്ച ചെയ്യുന്ന ബന്ധപ്പെട്ട മേഖലയിലെ അടിസ്ഥാന വിവരങ്ങളും ആവശ്യകതയും തിരിച്ചറിഞ്ഞ് പ്രോജക്ട് ആവിഷ്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്ന പദ്ധതികളാണ് അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുത്തേണ്ടവ. മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പ്രസ്തുത പ്രൊജക്ടിൽ ഉൾപെടുത്തേണ്ട തുകയെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടില്ല. ഭാവിയിൽ പ്രൊജക്ട് രൂപീകരണ വേളയിൽ ബന്ധപ്പെട്ട മേഖലയിലെ ഗുണഭോക്താക്കളുടെ ആവശ്യകതക്കനുസരിച്ച് തുക വകയിരുത്തുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് - 7/18

അടങ്കൽ -1250000 (പദ്ധതി ഫണ്ട്)

ചെലവ് - 312500

ബിൽ നമ്പർ - 1/1.11.18

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് 50 ഗുണഭോക്താക്കൾക്കായി പദ്ധതിവിഹിതമായ ₹312500/- അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് പ്രൊഗ്രാമിന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം(9/28.10.19) നൽകിയെങ്കിലും പദ്ധതി പ്രവർത്തനം തുടർന്നു കൊണ്ടിരിക്കുകയാണ് എന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതും പദ്ധതി കാലാവധി കഴിയുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് തിരികെ ഈടാക്കേണ്ടതുമാണ്.

## 1-21 ഡെപ്പോസിറ്റ് വർക്കുകൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ | ചെലവ് | ബിൽ നം./ വൗച്ചർ & തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 35/19, തെരുവ് വിളക്കുകൾക്ക് വൈദ്യുതി മീറ്റർ സ്ഥാപിക്കൽ | 290000 | 212636 | 88860-19/22-11-2018<br>123776-18-11-2018 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കൊടുവായൂർ |
| 2 | 37/19, പട്ടികജാതി കോളനികളിൽ വൈദ്യുതി ലൈൻ നീട്ടൽ | 154000 | 100000 | 20/22-11-2018 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കുനിശ്ശേരി |
| 3 | 156/19, കയറംകുളം പുളിൻചുവട് പൈപ്പ് ലൈൻ | 36000 | 36000 | 14/18-09-2018 | എക്സി.എഞ്ചിനീയർ, പി.ഡബ്ല്യ.ഡി. എൻ.എച്ച് ഡിവിഷൻ, മലപ്പുറം |
| 4 | 224/19, പട്ടിമാർത്തറ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | 37000 | 37000 | 21800421/09-08-2018 | അസി.എക്സി.എഞ്ചിനീയർ, കേരള ജല അതോറിറ്റി, പി.എച്ച്.ഡിവിഷൻ, പാലക്കാട് |

സെക്രട്ടറി നടപ്പാക്കിയ മേൽ പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.21/30.10.2019)

# 1-22 വി.ഇ.ഒ നടപ്പിലാക്കിയ സ്പിൽ ഓവർ പദ്ധതികളിൽ നിന്ന് അനധികൃതമായി സബ്സിഡി തുക അപഹരണം നടത്തി

വി.ഇ.ഒ നടപ്പിലാക്കിയ 2018-19 വർഷത്തെ ഭവന പുനരുദ്ധാരണം-ജനറൽ (സ്പിൽ ഓവർ), സമ്പൂർണ്ണ കക്കൂസ് നിർമ്മാണം (സ്പിൽ ഓവർ) എന്നീ പദ്ധതികളുടെ ചെലവ് പരിശോധനയിൽ ഗുണഭോക്താക്കൾക്ക് കൈമാറേണ്ട തുക വി.ഇ.ഒ സ്വന്തം ബാങ്ക് അക്കൗണ്ടിലേക്കും, ഭാര്യയുടെ അക്കൗണ്ടിലേക്കും മാറ്റിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A) ഭവന പുനരുദ്ധാരണം-ജനറൽ (സ്പിൽ ഓവർ)

പ്രോജക്റ്റ് നമ്പരും പേരും.165/19, ഭവന പുനരുദ്ധാരണം-ജനറൽ (സ്പിൽ ഓവർ)

അടങ്കൽ- 825000/-

ചെലവ് - 775000/-

ചെലവിന്റെ വിശദവിവരം:

| ക്രമ നം. | ട്രഷറി ബിൽ നം.&തീയതി | തുക (₹) |
|---|---|---|
| 1 | 03/23.05.2018 | 525000 |
| 2 | 5/19.06.2018 | 37500 |
| 3 | 6/19.06.2018 | 62500 |
| 4 | 15/16.08.2018 | 37500 |
| 5 | 21/27.09.2018 | 87500 |
| 6 | 33/25.02.2019 | 25000 |
| | ആകെ | 775000 |

2017-18 ലെ ഭവന പുനരുദ്ധാരണം (ജനറൽ) പദ്ധതിയുടെ (നം.20/18) സ്പിൽ ഓവർ പ്രോജക്റ്റാണ് പ്രോജക്റ്റ് നം.165/19. മേൽ പറഞ്ഞ 6 ബില്ലുകളിലായി 775000 രൂപ കൈമാറിയിട്ടുണ്ട്. ആയതിൽ അനധികൃതമായി 12500 രൂപ വി.ഇ.ഒ ശ്രീ. ലാലു.കെ യുടെ ഭാര്യയായ ധന്യ.എസ് എന്നവരുടെ പേരിലുള്ള ധനലക്ഷ്മി ബാങ്ക്, പെരുവെമ്പ് ബ്രാഞ്ച് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം.& തിയതി, ബിൽ തുക | ട്രഷറി ബിൽ പ്രകാരം ഗുണഭോക്താവിന്റെ പേര് | തുക മാറ്റിയെടുത്ത അക്കൗണ്ട് നം./ പേര് | ബാങ്ക് ഐ.എഫ്. എസ്.സി കോഡ് | ട്രാൻസ്ഫർ ചെയ്ത തുക |
|---|---|---|---|---|
| 06/19.06.2018 - ₹ 62500 | കല്ല്യാണി | 0101001000028993/ ധന്യ.എസ് | DLXB0000101 | 12500 |

മേൽ പറഞ്ഞ പ്രകാരം അനധികൃതമായി മാറ്റിയെടുത്ത തുക (12500 രൂപ) തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിനും, ആവശ്യമായ മറ്റ് നടപടികൾ സ്വീകരിച്ച് വിവരങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/29-10-2019) മറുപടിയായി തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് നിലവിലെ വി.ഇ.ഒ യും സെക്രട്ടറിയും അറിയിച്ചിട്ടുണ്ട്.

<u>B) സമ്പൂർണ്ണ കക്കൂസ് നിർമ്മാണം-ജനറൽ (സ്പിൽ ഓവർ)</u>

2017-18 ലെ സമ്പൂർണ്ണ കക്കൂസ് നിർമ്മാണം-ജനറൽ പദ്ധതിയുടെ സ്പിൽ ഓവർ പ്രോജക്റ്റാണ് പ്രോജക്റ്റ് നം.164/19. ഈ പദ്ധതിക്കായി 108400 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ അനധികൃതമായി 46200 രൂപ വി.ഇ.ഒ ശ്രീ.ലാലു.കെ തന്റെ സ്വന്തം അക്കൗണ്ടിലേക്കും, 7400 രൂപ ടിയാന്റെ ഭാര്യയായ ധന്യ.എസ് എന്നവരുടെ പേരിലുള്ള ധനലക്ഷ്മി ബാങ്ക്, പെരുവെമ്പ് ബ്രാഞ്ച് അക്കൗണ്ടിലേക്കും മാറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ക് നമ്പരും പേരും.164/19, സമ്പൂർണ്ണ കക്കൂസ് നിർമ്മാണം (സ്പിൽ ഓവർ)

അടങ്കൽ- 134800

ചെലവ് - 108400

ചെലവിന്റെ വിശദാംശങ്ങൾ:

| ക്രമ നം. | ട്രഷറി ബിൽ നം.&തീയതി | തുക (₹) |
|---|---|---|
| 1 | 1/02.05.2018 | 16000 |
| 2 | 2/23.05.2018 | 38200 |
| 3 | 7/19.06.2018 | 16000 |
| 4 | 12/11.07.2018 | 15400 |
| 5 | 16/16.08.2018 | 22800 |
| | ആകെ | 108400 |

അനധികൃതമായി തുക മാറ്റിയെടുത്തതിന്റെ വിശദാംശങ്ങൾ:

| ബിൽ നം./ തിയതി ബിൽ തുക (₹) | ട്രഷറി ബിൽ പ്രകാരമുള്ള ഗുണഭോക്താവിന്റെ പേര് | തുക മാറ്റിയെടുത്ത അക്കൗണ്ട് നം./ പേര് | ബാങ്ക് ഐ.എഫ്. എസ്.സി കോഡ് | ട്രാൻസ്ഫർ ചെയ്ത തുക (₹) |
|---|---|---|---|---|
| 02/23-05-2018, 38200 | ധന്യ.എസ് | 67248236471/ ലാലു.കെ | SBIN0018319 | 15400 |
| 02/23-05-2018, 38200 | വേലായുധൻ | 20304927204/ ലാലു.കെ | SBIN0018319 | 15400 |
| 07/19-06-2018, 16000 | ധന്യ.എസ് | 67248236471/ ലാലു.കെ | SBIN0018319 | 8000 |
| 16/16-08-2018, 22800 | കല്യാണി | 010100100028993/ ധന്യ.കെ | DLXB0000101 | 7400 |
| 16/16-08-2018, 22800 | ധന്യ.എസ് | 67248236471/ ലാലു.കെ | SBIN0018319 | 7400 |
| ആകെ | | | | 53600 |

ഈ പ്രോജക്ടിന് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് ധനസഹായം ലഭ്യമാക്കുന്നത് എന്ന് ഭരണസമിതി തീരുമാനം കൈക്കൊണ്ടതിന്റെ രേഖകളും ഇല്ല. ഈ പ്രൊജക്ടിന്റെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഗ്രാമ സഭയിലോ, സ്റ്റാന്റിങ് കമ്മറ്റിയിലോ ചർച്ചയൊന്നും

നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ വ്യക്തിഗത കക്കൂസ് ഇല്ലാത്ത സാഹചര്യം നിലവിലുണ്ട് എന്ന് തെളിയിക്കുന്ന അന്വേഷണ റിപ്പോർട്ടും ലഭ്യമല്ല.

2017-18 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി ജനറൽ, എസ്.സി.പി വിഭാഗങ്ങളിലെ വിവിധ ഗുണഭോക്താക്കൾക്ക് വേണ്ടി സമ്പൂർണ്ണ കക്കൂസ് നിർമ്മാണം എന്ന പേരിൽ രണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൃത്യമായി അംഗീകാരം വാങ്ങിക്കാത്ത ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യുടെ പേരിലുള്ള ഒരേ ബാങ്കിന്റെ രണ്ട് വ്യത്യസ്ത അക്കൗണ്ടുകളിലേക്ക് തുക മാറ്റിയതായി 2017-18വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. 92400 രൂപ അത്തരത്തിൽ മാറ്റിയതായും, ഇതിനു പുറമെ ഒരു വ്യക്തിക്കു 8000 രൂപ അധികം നൽകിയതായും കണ്ടെത്തിയതിന്റെ അടസ്ഥാനത്തിൽ 100400 (92400+8000) വി.ഇ.ഒ യിൽ നിന്നും തിരികെ ഈടാക്കി. തടർന്ന് വകുപ്പ് തല നടപടിയുടെ ഭാഗമായി ടിയാന് സസ്പൻഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

2017-18 വർഷത്തിലെ ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി മേൽ പറഞ്ഞ പ്രോജക്റ്റിന്റെ 2018-19 വർഷത്തെ (സ്പിൽ ഓവർ) ചെലവ് രേഖകൾ പരിശോധിച്ച് വി.ഇ.ഒ. അനധികൃതമായി തന്റെ അക്കൗണ്ടിലേക്ക് 53600 രൂപ മാറ്റിയതായി കണ്ടെത്തുകയും തുക തിരികെ ഈടാക്കി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്.

തുക തിരികെ ഒടുക്കിയതിന്റെ വിവരം

| രസീതി നം./തിയതി | തുക | അക്കൗണ്ട് |
|---|---|---|
| 119010101347/01.08.2019 | 53600 | തനത് ഫണ്ട് (അക്കൗണ്ട് നം. 074510104618/) |

* കെ.എഫ്.സി വാല്യം 1 ലെ ആർട്ടിക്കിൾ 303എ, സ.ഉ(പി)നം.282/13/ഫിൻ തിയതി 12-06-2013 എന്നിവ പ്രകാരം നഷ്ടമായി കണക്കാക്കുന്ന തുക തിരികെ ഈടാക്കുമ്പോൾ നിശ്ചിത ശതമാനം പലിശ ഈടാക്കേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

* ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് നിയമം 3 പ്രകാരമുള്ള അധികാരം ഗ്രാമസഭ നിറവേറ്റിയിരുന്നെങ്കിൽ സമ്പൂർണ്ണ കക്കൂസ് നിർമ്മാണം എന്ന പ്രൊജക്ടിൽ ഇത്രയും വലിയ തട്ടിപ്പ് നടത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിക്കുമായിരുന്നില്ല.

- ഗ്രാമ പഞ്ചായത്ത് കമ്മറ്റിയും സ്റ്റാന്റിങ്ങ് കമ്മറ്റിയും വർക്കിങ്ങ് ഗ്രൂപ്പും സമ്പൂർണ്ണ കക്കൂസ് നിർമ്മാണം എന്ന പ്രൊജക്ടിന്റെ രൂപികരണത്തിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റിയില്ല.

- ജി.ഒ.(എം.എസ്) നം.72/2017/തസ്വഭവ. തിരുവനന്തപുരം, തീയതി: 29-03-2017 പ്രകാരം പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ പ്രൊജക്ട് രൂപീകരിക്കുന്നതിൽ സ്വീകരിച്ചിട്ടില്ല.

* 2017-18 ഓഡിറ്റിലും പണാപഹരണം സംബന്ധിച്ച് ഓഡിറ്റ് ഓഫീസർ ഓഡിറ്റ് അന്വേഷണം മുഖേന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഈ വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ഡി.ഡി.പി എന്നവരെ വിവരം അറിയിക്കുകയുണ്ടായി. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 305 പ്രകാരമുള്ള പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം

| ഉദ്യോഗസ്ഥന്റെ പേരും | നിലവിലെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലാലു.കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വി.ഇ.ഒ, ചിറ്റാർ ഗ്രാമപഞ്ചായത്ത്, റാന്നി ബ്ലോക്ക്, പത്തനംതിട്ട ജില്ല | 'ധന്യം', കിണാശ്ശേരി, പാലക്കാട്-678701 |

# 1-23 ലൈഫ് മിഷൻ പാർപ്പിട സുരക്ഷ പദ്ധതി - അവലോകനം

സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ ഭാഗമായി തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18 വർഷത്തിൽ ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ ഒരു ഭവനത്തിന്റെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയത്.

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/-20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാഗക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 156 ഉം എസ്.സി വിഭാഗത്തിൽ 28 ഉം (ആകെ 184) ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 170 (146+24) പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം ആവിഷ്കരിച്ച് 2 പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

a) ലൈഫ് മിഷൻ പാർപ്പിട സുരക്ഷ പദ്ധതി -ജനറൽ (55/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 3900000 | 3900000 |
| ബ്ലോക്ക് പഞ്ചായത്ത് | 590114 | 56181 |
| ജില്ലാ പഞ്ചായത്ത് | 1263564 | 1240000 |
| മറ്റിനം(വായ്പ) | 56246322 | 21375819 |
| ആകെ | 62000000 | 27080000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| I | 146 |
| II | 135 |
| III | 124 |
| IV | 47 |

ജനറൽ വിഭാഗത്തിലെ 146 ഗുണഭോക്താക്കളിൽ 58ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു ബാക്കിയുള്ള 88 നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല.

b) ലൈഫ് മിഷൻ പാർപ്പിട സുരക്ഷ പദ്ധതി - എസ്.സി.പി(142/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 4084410 | 4084410 |
| ബ്ലോക്ക് പഞ്ചായത്ത് | 570995 | 346714 |
| ജില്ലാ പഞ്ചായത്ത് | 1468876 | 1468876 |
| മറ്റുള്ളവ | 3875719 | - |
| ആകെ | 10000000 | 5900000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| I | 24 |

| | |
|---|---|
| II | 23 |
| III | 21 |
| IV | 12 |

ആകെയുള്ള 24 ഗുണഭോക്താക്കളിൽ 15 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>ലൈഫ് രണ്ടാം ഘട്ടത്തിൽ ഒരു ഗഡു കൈപ്പറ്റി ഭവന നിർമ്മാണം തുടങ്ങാത്ത ഗുണഭോക്താക്കൾ</u>

ഒരു ഗഡു 40000 രൂപ കൈപ്പറ്റി നാളിതുവരെയും ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | വാർഡ് | കരാർ ചമച്ച തിയതി |
|---|---|---|---|
| 1 | അനിത W/O മണി, ചേനാത്ത്, മഞ്ഞളൂർ, തേങ്കുറുശ്ശി (ജനറൽ) | 13 | 26.04.2018 |
| 2 | ശോഭന W/O ശിവദാസൻ, ആനകുറ്റിപ്പാറ, പഴയാണ്ടി തറ, പെരുംകുന്നം, തേങ്കുറുശ്ശി (ജനറൽ) | 15 | 06.08.2018 |
| 3 | ഫാത്തിമ W/O ജബ്ബാർ, പള്ളിക്കൽ, കോച്ചാംകുളം, തേങ്കുറുശ്ശി (ജനറൽ) | 17 | 11.07.2018 |
| 4 | വിജയകുമാരി W/O ചെല്ലൻ, തോട്ടത്തിൽ വീട്, തേങ്കുറുശ്ശി (ജനറൽ) | 6 | 13.04.2018 |
| 5 | ലക്ഷ്മി W/O നാഗരാജൻ, പറച്ചിരിക്കാട്, തേങ്കുറുശ്ശി (എസ്.സി) | 16 | 23.04.2018 |

ലൈഫ് മിഷൻ പാർപ്പിട സുരക്ഷ പദ്ധതി (ജനറൽ & എസ്.സി.പി) പ്രകാരമുള്ള ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക4 പ്രകാരം 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും ഖണ്ഡിക 7 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും അല്ലാത്തപക്ഷം തങ്ങളുടെ സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നോ, അനന്തരാവകാശികളിൽനിന്നോ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനോ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

<u>ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം</u>

2018-19 ൽ 12215819 രൂപ ഹഡ്കോയിൽ നിന്ന KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI യുടെ കുഴൽമന്ദം ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്. ലോൺ തുക നിന്നും വിതരണം ചെയ്തിട്ടുണ്ട്. 2019-20 ൽ 7316000 രൂപ വായ്പയായി ലഭിച്ചത് മുഴുവനും ചെലവഴിച്ചിട്ടുണ്ട്. വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 ൽ മൂന്നാം ഗഡു വരെ കൈപ്പറ്റിയ 124 ഗുണഭോക്താക്കൾക്ക് സർക്കാർ വിഹിതം 1 ലക്ഷം രൂപ വീതം ലഭ്യമായിട്ടുണ്ട്.

<u>മോണിറ്ററിംഗ്</u>

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.14/29.10.2019)

# 1-24 അഗതിരഹിത കേരളം- ഗ്രാമ പഞ്ചായത്ത് വിഹിതം നാളിതുവരെയും ചെലവഴിച്ചില്ല

പ്രോജക്റ്റ് നമ്പരും, പേരും. 32/19, അഗതിരഹിത കേരളം- പഞ്ചായത്ത് വിഹിതം

അടങ്കൽ- 300000 {Plan (General)}

ചെലവ് - 300000 (Bill No.13/11-09-2018)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മേൽ പ്രോജക്റ്റ് പ്രകാരം 300000 രൂപ കുടംബശ്രീ ആശ്രയ അക്കൗണ്ടിലേക്ക് (നം.0745101052467, കനറാ ബാങ്ക്, തേങ്കുറിശ്ശി) 11.09.2018ന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക നാളിതുവരെയും ചെലവഴിക്കാതെ കുടംബശ്രീ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. തുക ചെലവഴിക്കാത്തപക്ഷം ബന്ധപ്പെട്ട ശീർഷകത്തിലേക്ക് തിരികെ അടവാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.21/30.10.2019)

# 1-25 ഹരിതകേരളം- പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ നാളിതുവരെയും ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നമ്പരും, പേരും. 32/19, ഹരിതകേരളം- പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ്

അടങ്കൽ- 580000 (520000-Plan (General)+ 60000-Own fund)

ചെലവ് - 519372 (Bill No.21/24-11-2018)

ഗ്രാമ പഞ്ചായത്ത് പരിധിയിലെ മഹാളികുടം എന്ന സ്ഥലത്ത് പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനായി ഷ്രഡിംഗ് മെഷീൻ വാങ്ങുന്നതിനായി മേൽ പറഞ്ഞ പ്രകാരം 519372 രൂപ മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനിക്ക് അഡ്വാൻസായി തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മെഷീൻ സപ്ലൈ ചെയ്തിട്ടില്ല. മെഷീൻ സപ്ലൈ ചെയ്യുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞതിൽ (ഓഡിറ്റ് അന്വേഷണം നം.20/30.10.2019) പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ സ്ഥാപക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. ആകയാൽ മെഷീൻ ലഭ്യമായി പദ്ധതി ആരംഭിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- പൊതുവിവരങ്ങൾ

1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളുടെയും പൂർത്തിയാക്കി ബിൽ തുക നൽകിയതിന്റെയും ചെലവഴിച്ച തുകയുടെയും വിശദവിവങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 40 | 98 | 138 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 35 | 72 | 107 |

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 1465000 | 1045345 |
| വികസന ഫണ്ട് (എസ്.സി.പി) | 10187386 | 8184426 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 10027625 | 7394601 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1200000 | 832340 |
| തനത് ഫണ്ട് | 2033000 | 981827 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 10944156 | 7276921 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 4180000 | 2352707 |
| ആകെ | 40037167 | 28068167 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 78% പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 70% മാത്രമാണ് ചെലവഴിക്കാനായത്. ത്രിതല പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പ്രൊജക്റ്റുകൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്പിൽ ഓവർ പ്രവൃത്തികൾക്ക് പ്രത്യേകം ഫണ്ട് ലഭിക്കാതിരുന്നതാണ് വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും തമ്മിൽ 30% വ്യത്യാസമുണ്ടാവാനുള്ള കാരണം. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിമാത്രം പ്രവൃത്തി ഏറ്റെടുത്ത് കരാർ വെക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. <u>വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം</u>

പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ) വർക്കിങ്ങ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിക്കുമ്പോൾ വർക്കിങ്ങ് ഗ്രൂപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന് മനസിലാവുന്നു. മിനുട്ട്സ് പരിപാലിക്കുന്നതിലും ശ്രദ്ധിക്കുന്നില്ല എന്ന് മനസിലാവുന്നു. 2018-19 വർഷത്തെ പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട് 4 പ്രാവശ്യം വർക്കിങ്ങ് ഗ്രൂപ്പുകൾ കൂടിയിട്ടുണ്ട്. പ്രൊജക്റ്റുകൾ സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടന്നതായി കാണുന്നില്ല. ആദ്യ യോഗത്തിൽ 30 പ്രൊജക്റ്റുകളുടെ പേര് എഴുതിവെച്ചിട്ടുണ്ട്. രണ്ടാമത്തെ യോഗത്തിൽ ഗ്രാമ സഭ നിർദ്ദേശിക്കുന്ന പ്രൊജക്റ്റുകൾ ഭരണ സമിതിക്ക് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയാണുണ്ടായത്. മിനിട്ടുകൾ പൂർത്തിയാക്കി ഒപ്പുവെക്കുന്നില്ല. 2019-20 വർഷത്തെ വർക്കിങ്ങ് ഗ്രൂപ്പിന്റെ ആദ്യ രണ്ട് യോഗങ്ങളുടെ മിനുട്ട്സിൽ അംഗങ്ങൾ ഒപ്പു വെച്ച് കുറച്ച് പേജുകൾ ഒഴിച്ചിടുകയാണ് ചെയ്തത്. മൂന്നാമത്തെ യോഗത്തിന്റെ മിനുട്ട്സിലാണ് 39 പ്രൊജക്റ്റുകളുടെ പേരുകൾ രേഖപ്പെടുത്തിയത്.

മിനുട്ട്സ് പരിശോധിച്ചതിൽ നിന്നും വർക്കിങ്ങ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന് മനസിലാവുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.19(5)/30.10.2019) മറുപടിയിൽ വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും മിനുട്ട്സ് സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

3. <u>പ്രവൃത്തിയിനങ്ങൾ പൂർണ്ണമായും മാറിയിട്ടും റീ-ടെണ്ടർ ചെയ്യാതെ പ്രവൃത്തി പൂർത്തീകരിച്ചത്</u>

പ്രൊജക്ട് നം.206/19: റെക്കോർഡ് റൂം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണം എസ്റ്റിമേറ്റിൽ നിന്നും പൂർണ്ണമായും വ്യതിചലിച്ചിട്ടാണ്. ഇതിന്റെ വിശദവിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് അന്വേണത്തിനുള്ള മറുപടിയിൽ ISO സർട്ടിഫിക്കറ്റ് നേടിയെടുക്കുന്നതിന് സമയബന്ധിതമായി നടപ്പാക്കിയ ഈ പ്രൊജക്ടിൽ പ്രവൃത്തിയിനങ്ങൾ വ്യതിയാനം വരുത്തിയത് സദുദ്ദേശത്തോടെയാണെന്നും ഭരണ സമിതിയുടെ തീരുമാനത്തോടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അതേ കാരാറുകാരനെ കൊണ്ട് നിർവ്വഹണം നടത്തിയതാണെന്നും വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണം നേരിട്ട് പരിശോധിച്ചതിൽ ഇക്കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

# 1-27 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 26ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2018-19ൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുണ്ടായിരുന്നെങ്കിലും ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ 2019-20 മുതൽ നടപ്പാക്കുന്ന പ്രവൃത്തികളിൽ ബോർഡ് സ്ഥാപിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17ൽ പറയും പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

ചട്ടപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മിറ്റി കൺവീനറുടേയും നിർവ്വഹണക്കമ്മിറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. ഗ്രാമപഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

9. ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

# 1-28 പട്ടികജാതി വനിതകൾക്ക് വ്യവസായ വിപണന കേന്ദ്രം കെട്ടിടം ഉപയോഗപ്പെടുത്തണം

162/19: പട്ടികജാതി വനിതകൾക്ക് വ്യവസായ വിപണന കേന്ദ്രം എന്ന പദ്ധതി പ്രകാരം നിർമ്മിച്ച കെട്ടിടക്കിന്റെ എസ്റ്റിമേറ്റിൽ വൈദ്യുതീകരണം ഉൾപ്പെടുത്തിയിരുന്നില്ല. കെട്ടിട നിർമ്മാണം നടത്തി വരുമ്പോൾ എസ്റ്റിമേറ്റ് പുതുക്കുകയും സിമന്റ് തേപ്പ്, പെയിന്റിങ്ങ്, വാതിലുകളും ജനാലകളും പിടിപ്പിക്കൽ, റോളിങ്ങ് ഷട്ടർ പിടിപ്പിക്കൽ ഇവ ഒഴിവാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.19(6)/30.10.2019) മറുപടിയിൽ നിർവ്വഹണം തുടങ്ങിയപ്പോൾ അസ്ഥിവാരം കൂടുതൽ ബലപ്പെടുത്തേണ്ടിവന്നതിനാൽ ഓരോ ഇനങ്ങളുടെയും അളവുകൾ അധികരിച്ചതിനാൽ സ്റ്റെയർ കേസിന്റെ സിമന്റ് തേപ്പ്, പെയിന്റിങ്ങ്, റോളിങ്ങ് ഷട്ടർ പിടിപ്പിക്കൽ എന്നിവക്കുള്ള തുക പര്യാപ്തമല്ലാതെ വന്നു എന്നും 2019-20ൽ ഈ പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിച്ചു എന്നും പരാമർശിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിനായി പ്രത്യേകം ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. കെട്ടിടം ഡിസമ്പർ ആദ്യവാരം തന്നെ പ്രവർത്തന ക്ഷമമാക്കുമെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. 2018-19ൽ വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും ₹.1395075/- (ബിൽ നം.103/2.3.19) ചെലവഴിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി 2019-20ൽ വീണ്ടും തുക ചെലവഴിച്ചിട്ടാണ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത്. പ്രൊജക്ട് ലക്ഷമിട്ട പ്രകാരം പട്ടികജാതി വിഭാഗത്തിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ കെട്ടിടം ഉപയോഗപ്പെടുത്തി വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

# 1-29 അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗനിർദ്ദേശങ്ങൾ പാലിക്കണം

1. ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഉള്ള റോഡുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കണം

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി ഭൂപടം ഇവയും തയ്യാറാക്കിയിട്ടില്ല. ഖണ്ഡിക 7.13(5)ൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിലുള്ള റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ.19/30.10.19) മറുപടിയിൽ നിലവിൽ ഇവ പഞ്ചായത്തിൽ ലഭ്യമല്ല എന്നും ആയത് തയ്യാറാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ പറഞ്ഞിട്ടുണ്ട്.

റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി ഭൂപടം ഇവ തയ്യാറാക്കി തുടർന്നുവരുന്ന പദ്ധതികളുടെ നടത്തിപ്പിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

2. 5 വർഷം ഗ്യാരണ്ടിയുടുകൂടിയുള്ള റോഡുകൾ നിർമ്മിക്കണം

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(12)ൽ ഗുണമേൻമയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരണ്ടിയോടു കൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ശ്രമം നടത്തിയിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(12)ൽ ഗുണമേൻമയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരണ്ടിയോടു കൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ശ്രമം നടത്തിയിട്ടില്ല. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കണം.

# 1-30 ബിറ്റുമെൻ ബാരൽ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കണം

2018-19 വർഷം ബിൽ തുക നൽകിയ ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബിറ്റുമെൻ ബാരൽവില ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

i)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 181/19(42/18): മാങ്ങോട്ടുകളം റോഡ് - മെറ്റലിങ്ങ് & ടാറിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200,000/- (MG{R}) |
| ചെലവു തുക/ ബിൽ നം. | ₹.200,000 /-<br>₹.127494/-(17-18), ₹.72506/- (11/21.6.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവു പുസ്തകത്തിന്റെ വിവരം | 6 (584/17-18 & 580/17-18) |
| ഈടാക്കേണ്ട തുക | 6*250 = ₹.1500/- |
| കരാറുകാരൻ | ബാലൻ. എം |

ii)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 178/19(36/18): തിരുവക്കാട് റോഡ് റീ ടാറിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200000/- (FC Grant) |
| ചെലവു തുക/ ബിൽ നം. | ₹.200000/- (11/21.6.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 19 (563/17-18) |
| ഈടാക്കേണ്ട തുക | 19*250 = ₹.4750/- |
| കരാറുകാരൻ | സുരേഷ് കുമാർ. എ |

iii)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 171/19(176/18): തച്ചമ്പച്ചിക്കൽ റോഡ് മെറ്റലിങ്, ടാറിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.150000/- (MG{R}) |
| ചെലവു തുക/ ബിൽ നം. | ₹.150000/- (1/18.5.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 5(432/16-17) |
| ഈടാക്കേണ്ട തുക | 5*250 = ₹.1250/- |
| കരാറുകാരൻ | എം. വേണുഗോപാലൻ |

iv)

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 203/19(175/18): മരുതിക്കാവ് വിളയന്നൂർ തറ റോഡ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.500000/- (MG{R}) |
| ചെലവു തുക/ ബിൽ നം. | ₹.448860/- (15/21.6.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 22(660/17-18) |
| ഈടാക്കേണ്ട തുക | 22*250 = ₹.5500/- |
| കരാറുകാരൻ | ആർ. രമേഷ് |

v)

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 188/19(125/18): പട്ടിമാർ തറ റോഡ് റീ ടാറിങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.300000/- Plan(SCP) |
| ചെലവു തുക/ ബിൽ നം. | ₹.300000 /- (16/21.6.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 18(602/17-18) |
| ഈടാക്കേണ്ട തുക | 18*250 = ₹.4500/- |
| കരാറുകാരൻ | ആർ. രമേഷ് |

vi)

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 182/19(44/18): പട്ടാളിക്കളം റോഡ് റീ ടാറിങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹.200000 /- (17/21.6.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 11(603/17-18) |
| ഈടാക്കേണ്ട തുക | 11*250 = ₹.2750/- |
| കരാറുകാരൻ | ആർ. രമേഷ് |

vii)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 194/19(145/18): പട്ടാളിക്കളം എസ്.സി റോഡ് റീ ടാറിങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.300000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹.299435 /- (19/21.6.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 18(604/17-18) |
| ഈടാക്കേണ്ട തുക | 18*250 = ₹.4500/- |
| കരാറുകാരൻ | ആർ. രമേഷ് |

viii)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 179/19(39/18): കടുങ്ങം റോഡ് റീ ടാറിങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.250000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹.238534 /- (20/21.6.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 9(587/17-18) |
| ഈടാക്കേണ്ട തുക | 9*250 = ₹.2250/- |
| കരാറുകാരൻ | എ.രാജൻ |

ix)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 183/19(47/18): മണത്തമാർത്തറ റോഡ് മെറ്റലിങ്ങ് & ടാറിങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.300000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹.295044 /- (21/21.6.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 12(589/17-18) |
| ഈടാക്കേണ്ട തുക | 12*250 = ₹.3000/- |
| കരാറുകാരൻ | എ.രാജൻ |

x)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 197/19(149/18): |

| | |
|---|---|
| | കെല്ലക്കണ്ണൻതറ പരാശക്തി ക്ലബ്ബ് റോഡ് ടാറിങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200000/- Plan (SCP) |
| ചെലവു തുക/ ബിൽ നം. | ₹.195836 /- (25/8.8.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 8(588/17-18) |
| ഈടാക്കേണ്ട തുക | 8*250 = ₹.2000/- |
| കരാറുകാരൻ | എ.രാജൻ |

xi)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 212/19(SO): വള്ളിക്കാട് പാറ റോഡ് മെയിന്റനൻസ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.260000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹. 260000 /- (53/15.12.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 15(664/17-18) |
| ഈടാക്കേണ്ട തുക | 15*250 = ₹.3750/- |
| കരാറുകാരൻ | ബാലൻ |

Xii)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 210/19(SO): മണ്ണാത്തറ നമ്പൂതിരിക്കാട് റോഡ് മെയിന്റനൻസ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.355600/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹.355600 /- (55/15.12.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 22(583/17-18) |
| ഈടാക്കേണ്ട തുക | 22*250 = ₹.5500/- |
| കരാറുകാരൻ | ജയകൃഷ്ണൻ.എം |

Xiii)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 62/19: മണ്ണാൻമാർത്തറ റീ ടാറിങ് |
| [illegible] | [illegible] |

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.300000/- Plan (SCP) |
| ചെലവു തുക/ ബിൽ നം. | ₹. 300000 /- (69/7.1.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 6(667/17-18) |
| ഈടാക്കേണ്ട തുക | 6*250 = ₹.1500/- |
| കരാറുകാരൻ | വൈ. അലാവുദ്ദീൻ |

Xiv)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 60/19: നെല്ലിക്കൽകാട് ലിങ്ക് റോഡ് ടാറിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.450000/- Plan (SCP) |
| ചെലവു തുക/ ബിൽ നം. | ₹. 4439474 /- (77/22.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 25 (643,644/17-18) |
| ഈടാക്കേണ്ട തുക | 25*250 = ₹.6250/- |
| കരാറുകാരൻ | വൈ. അലാവുദ്ദീൻ |

Xv)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 84/19: വാലിക്കാട് റോഡ് പുനരുദ്ധാരണം |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.400000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹.400000 /- (77/22.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 23 (656/17-18) |
| ഈടാക്കേണ്ട തുക | 23*250 = ₹.5750/- |
| കരാറുകാരൻ | ബാലൻ.എം. |

Xvi)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 90/19: നാലിടാം പാറ നെല്ലിക്കൽ റോഡ് പുനരുദ്ധാരണം |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.450000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹.450000 /- (81/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 26 (657/17-18) |
| ഈടാക്കേണ്ട തുക | 26*250 = ₹.6500/- |
| കരാറുകാരൻ | ബാലൻ.എം. |

Xvii)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 82/19: കുളക്കംപാടം റോഡ് പുനരുദ്ധാരണം |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.400000/- MG(R) |
| ചെലവ് തുക/ ബിൽ നം. | ₹.400000 /- (82/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവ് പുസ്തകം | 14 (646/17-18) |
| ഈടാക്കേണ്ട തുക | 14*250 = ₹.3500/- |
| കരാറുകാരൻ | ബാലൻ.എം. |

Xviii)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 97/19: ഉതുങ്ങോട്ടുകളം റോഡ് റീ ടാറിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.400000/- MG(R) |
| ചെലവ് തുക/ ബിൽ നം. | ₹.400000 /- (87/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവ് പുസ്തകം | 19 (655/17-18) |
| ഈടാക്കേണ്ട തുക | 19*250 = ₹.4750/- |
| കരാറുകാരൻ | സുരേഷ് കുമാർ. എ |

xix)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 96/19: വാപ്പള്ളം റോഡ് റീ ടാറിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.400000/- MG(R) |
| ചെലവ് തുക/ ബിൽ നം. | ₹.399960 /- (86/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവ് പുസ്തകം | 23 (655/17-18) |
| ഈടാക്കേണ്ട തുക | 23*250 = ₹.5750/- |
| കരാറുകാരൻ | സുരേഷ് കുമാർ. എ |

Xx)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 95/19: അഞ്ചത്താണി പൊൻപറമ്പ് റോഡ് റീ ടാറിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.400000/- MG(R) |
| ചെലവ് തുക/ ബിൽ നം. | ₹.400000 /- (85/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവ് പുസ്തകം | 27(653/17-18) |
| ഈടാക്കേണ്ട തുക | 23*250 = ₹.5750/- |
| കരാറുകാരൻ | സുരേഷ് കുമാർ. എ |

Xxi)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 81/19: ആശാരിത്തറ മന്ദം റോഡ് പുനരുദ്ധാരണം |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200000/- MG(R) |
| ചെലവ് തുക/ ബിൽ നം. | ₹.200000 /- (84/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവ് പുസ്തകം | 8 (650/17-18) |
| ഈടാക്കേണ്ട തുക | 8*250 = ₹.2000/- |
| കരാറുകാരൻ | ബാലൻ.എം |

Xxii)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 91/19: നെല്ലിക്കൽകാട് ലിങ്ക് റോഡ് പുനരുദ്ധാരണം |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.450000/- MG(R) |
| ചെലവ് തുക/ ബിൽ നം. | ₹.450000 /- (81/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവ് പുസ്തകം | 16 (647/17-18) |
| ഈടാക്കേണ്ട തുക | 16*250 = ₹.4000/- |
| കരാറുകാരൻ | ബാലൻ.എം |

Xxiii)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 88/19: കുണ്ടുകാട് ചാട്ടുകല്ല് റോഡ് പുനരുദ്ധാരണം |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.400000/- MG(R) |
| ചെലവ് തുക/ ബിൽ നം. | ₹.400000 /- (89/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവ് പുസ്തകം | 23 (651/17-18) |
| ഈടാക്കേണ്ട തുക | 23*250 = ₹.5750/- |
| കരാറുകാരൻ | എം. ജയകൃഷ്ണൻ |

Xxiv)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 85/19: മന്ദം സ്കൂൾ റോഡ് പുനരുദ്ധാരണം |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200000/- MG(R) |
| ചെലവ് തുക/ ബിൽ നം. | ₹.200000 /- (90/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവ് പുസ്തകം | 8 (649/17-18) |
| ഈടാക്കേണ്ട തുക | 8*250 = ₹.2000/- |
| കരാറുകാരൻ | എം. ജയകൃഷ്ണൻ |

Xxv)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 83/19: നെല്ലിക്കാട് റോഡ് |

| | |
|---|---|
| | പുനരുദ്ധാരണം |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹.199599 /- (92/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 7 (648/17-18) |
| ഈടാക്കേണ്ട തുക | 7*250 = ₹.1750/- |
| കരാറുകാരൻ | എം. ജയകൃഷ്ണൻ |

Xxvi)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 66/19: കിഴക്കേക്കാട് റീ ടാറിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹300000/- Plan (SCP) |
| ചെലവു തുക/ ബിൽ നം. | ₹.296391/- (98/21.3.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 17 (255/18-19) |
| ഈടാക്കേണ്ട തുക | 17*250 = ₹.4250/- |
| കരാറുകാരൻ | എം. വേണുഗോപാൽ |

Xxvii)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 104/19: മണലിപ്പൊറ്റ റോഡ് ടാറിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.300000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹.300000 /- (96/13.3.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 7 (675/17-18) |
| ഈടാക്കേണ്ട തുക | 7*250 = ₹.1750/- |
| കരാറുകാരൻ | ചെന്താമരക്കണ്ണൻ |

Xxviii)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 106/19: തച്ചമ്പുച്ചിക്കൽ റോഡ് ടാറിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.400000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹.393933 /- (95/13.3.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 13 (251/18-19) |
| ഈടാക്കേണ്ട തുക | 13*250 = ₹.3250/- |
| കരാറുകാരൻ | രാമകൃഷ്ണൻ. സി |

Xxix)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 70/19: ഇടപ്പറമ്പ് കുണ്ടുകാട് റോഡ് ടാറിങ്ങ് |

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.300000/- Plan (SCP) |
| ചെലവു തുക/ ബിൽ നം. | ₹.300000 /- (91/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 11(652/17-18) |
| ഈടാക്കേണ്ട തുക | 11*250 = ₹.2750/- |
| കരാറുകാരൻ | ജയകൃഷ്ണൻ. എം |

Xxx)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 65/19: നെല്ലിക്കൽകാട് പുളിമ്പ്രണി റോഡ് റീ ടാറിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200000/- Plan (SCP) |
| ചെലവു തുക/ ബിൽ നം. | ₹.200000 /- (101/21.3.19) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 8 (252/18-19) |
| ഈടാക്കേണ്ട തുക | 8*250 = ₹.2000/- |
| കരാറുകാരൻ | വേണുഗോപാൽ. എം |

Xxxi)

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 185/19(112/18): പൂത്തക്കോട് റോഡ് മെച്ചപ്പെടുത്തൽ |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.740000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹.562885/- (24/8.8.18-₹.417710/-<br>102/21.3.19-₹.145175/-) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/ അളവു പുസ്തകം | 22(662/17-18) |
| ഈടാക്കേണ്ട തുക | 22*250 = ₹.5500/- |
| കരാറുകാരൻ | രാജൻ. എ |

ബിറ്റുമെൻ ബാരൽ വില ₹.124,250/- ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ.18/30.10.2019) മറുപടിയിൽ കരാറുകാർക്ക് നോട്ടീസ് നൽകി അവരിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതാണെന്നും തുടർന്ന് വരുന്ന ടാർ പ്രവൃത്തികളിൽ ഫൈനൽ ബില്ലിൽ തന്നെ ബാരൽ വില ഈടാക്കുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്.

<u>ഭാഗം – 2</u>

– പരാമർശങ്ങൾ ഇല്ല –

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 വി.ഇ.ഒ നടപ്പിലാക്കിയ സ്പിൽ ഓവർ പദ്ധതികളിൽ നിന്ന് അനധികൃതമായി സബ്സിഡി തുക മാറ്റിയെടുത്തു

വി.ഇ.ഒ നടപ്പിലാക്കിയ 2018-19 വർഷത്തെ ഭവന പുനരുദ്ധാരണം-ജനറൽ (സ്പിൽ ഓവർ), സമ്പൂർണ്ണ കക്കൂസ് നിർമ്മാണം (സ്പിൽ ഓവർ) എന്നീ പദ്ധതികളുടെ ചെലവ് പരിശോധനയിൽ ഗുണഭോക്താക്കൾക്ക് കൈമാറേണ്ട തുക വി.ഇ.ഒ സ്വന്തം ബാങ്ക് അക്കൗണ്ടിലേക്കും, ഭാര്യയുടെ അക്കൗണ്ടിലേക്കും മാറ്റിയതായി കണ്ടെത്തി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A) ഭവന പുനരുദ്ധാരണം-ജനറൽ (സ്പിൽ ഓവർ)

പ്രോജക്റ്റ് നമ്പരും പേരും.165/19, ഭവന പുനരുദ്ധാരണം-ജനറൽ (സ്പിൽ ഓവർ)

അടങ്കൽ- 825000

ചെലവ് - 775000

ചെലവിന്റെ വിശദവിവരം:

| ക്രമ നം. | ട്രഷറി ബിൽ നം.&തീയതി | തുക (₹) |
|---|---|---|
| 1 | 03/23.05.2018 | 525000 |
| 2 | 5/19.06.2018 | 37500 |
| 3 | 6/19.06.2018 | 62500 |
| 4 | 15/16.08.2018 | 37500 |
| 5 | 21/27.09.2018 | 87500 |
| 6 | 33/25.02.2019 | 25000 |
| | ആകെ | 775000 |

2017-18 ലെ ഭവന പുനരുദ്ധാരണം (ജനറൽ) പദ്ധതിയുടെ (നം.20/18) സ്പിൽ ഓവർ പ്രോജക്റ്റാണ് പ്രോജക്റ്റ് നം.165/19. മേൽ പറഞ്ഞ 6 ബില്ലുകളിലായി 775000 രൂപ കൈമാറിയിട്ടുണ്ട്. ആയതിൽ അനധികൃതമായി 12500 രൂപ വി.ഇ.ഒ ശ്രീ. ലാലു.കെ യുടെ ഭാര്യയായ ധന്യ.എസ് എന്നവരുടെ പേരിലുള്ള ധനലക്ഷ്മി ബാങ്ക്, പെരുവെമ്പ് ബ്രാഞ്ച് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം.& | ട്രഷറി ബിൽ | തുക മാറ്റിയെടുത്ത | | ട്രാൻസ്ഫർ |
|---|---|---|---|---|

| തിയതി, ബിൽ തുക | പ്രകാരം ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം./ പേര് | ബാങ്ക് ഐ.എഫ്. എസ്.സി കോഡ് | ചെയ്ത തുക |
|---|---|---|---|---|
| 06/19.06.2018 - ₹ 62500 | കല്ല്യാണി | 0101001000028993/ ധന്യ.എസ് | DLXB0000101 | 12500 |

മേൽ പറഞ്ഞ പ്രകാരം അനധികൃതമായി മാറ്റിയെടുത്ത തുക (12500 രൂപ) തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിനും, ആവശ്യമായ മറ്റ് നടപടികൾ സ്വീകരിച്ച് വിവരങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/29-10-2019) മറുപടിയായി തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയക്കുന്നതാണെന്ന് നിലവിലെ വി.ഇ.ഒ യും സെക്രട്ടറിയും അറിയിച്ചിട്ടുണ്ട്.

B) സമ്പൂർണ്ണ കക്കൂസ് നിർമ്മാണം-ജനറൽ (സ്പിൽ ഓവർ)

2017-18 ലെ സമ്പൂർണ്ണ കക്കൂസ് നിർമ്മാണം-ജനറൽ പദ്ധതിയുടെ സ്പിൽ ഓവർ പ്രോജക്റ്റാണ് പ്രോജക്റ്റ് നം.164/19. ഈ പദ്ധതിക്കായി 108400 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ അനധികൃതമായി 46200 രൂപ വി.ഇ.ഒ ശ്രീ.ലാലു.കെ തന്റെ സ്വന്തം അക്കൗണ്ടിലേക്കും, 7400 രൂപ ടിയാന്റെ ഭാര്യയായ ധന്യ.എസ് എന്നവരുടെ പേരിലുള്ള ധനലക്ഷ്മി ബാങ്ക്, പെരുവെമ്പ് ബ്രാഞ്ച് അക്കൗണ്ടിലേക്കും മാറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പരും പേരും.164/19, സമ്പൂർണ്ണ കക്കൂസ് നിർമ്മാണം (സ്പിൽ ഓവർ)

അടങ്കൽ- 134800

ചെലവ് - 108400

ചെലവിന്റെ വിശദാംശങ്ങൾ:

| ക്രമ നം. | ട്രഷറി ബിൽ നം.&തീയതി | തുക (₹) |
|---|---|---|
| 1 | 1/02.05.2018 | 16000 |
| 2 | 2/23.05.2018 | 38200 |
| 3 | 7/19.06.2018 | 16000 |
| 4 | 12/11.07.2018 | 15400 |
| 5 | 16/16.08.2018 | 22800 |
| | ആകെ | 108400 |

അനധികൃതമായി തുക മാറ്റിയെടുത്തതിന്റെ വിശദാംശങ്ങൾ:

| ബിൽ നം./ തിയതി ബിൽ തുക (₹) | ട്രഷറി ബിൽ പ്രകാരമുള്ള ഗുണഭോക്താവിന്റെ പേര് | തുക മാറ്റിയെടുത്ത അക്കൗണ്ട് നം./ പേര് | ബാങ്ക് ഐ.എഫ്. എസ്.സി കോഡ് | ട്രാൻസ്ഫർ ചെയ്ത തുക (₹) |
|---|---|---|---|---|
| 02/23-05-2018, 38200 | ധന്യ.എസ് | 67248236471/ ലാലു.കെ | SBIN0018319 | 15400 |
| 02/23-05- | വേലായുധൻ | 20304927204/ | SBIN0018319 | 15400 |

| | | | | |
|---|---|---|---|---|
| 2018, 38200 | | ലാലു.കെ | | |
| 07/19-06-2018, 16000 | ധന്യ.എസ് | 67248236471/ ലാലു.കെ | SBIN0018319 | 8000 |
| 16/16-08-2018, 22800 | കല്യാണി | 010100100028993/ ധന്യ.കെ | DLXB0000101 | 7400 |
| 16/16-08-2018, 22800 | ധന്യ.എസ് | 67248236471/ ലാലു.കെ | SBIN0018319 | 7400 |
| ആകെ | | | | 53600 |

ഈ പ്രോജക്റ്റിന് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് ധനസഹായം ലഭ്യമാക്കുന്നത് എന്ന് ഭരണസമിതി തീരുമാനം കൈക്കൊണ്ടതിന്റെ രേഖകളും ഇല്ല. ഈ പ്രൊജക്ടിന്റെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഗ്രാമ സഭയിലോ, സ്റ്റാന്റിങ്ങ് കമ്മറ്റിയിലോ ചർച്ചയൊന്നും നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ വ്യക്തിഗത കക്കൂസ് ഇല്ലാത്ത സാഹചര്യം നിലവിലുണ്ട് എന്ന് തെളിയിക്കുന്ന അന്വേഷണ റിപ്പോർട്ടും ലഭ്യമല്ല.

2017-18 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി ജനറൽ, എസ്.സി.പി വിഭാഗങ്ങളിലെ വിവിധ ഗുണഭോക്താക്കൾക്ക് വേണ്ടി സമ്പൂർണ്ണ കക്കൂസ് നിർമ്മാണം എന്ന പേരിൽ രണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൃത്യമായി അംഗീകാരം വാങ്ങിക്കാത്ത ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യുടെ പേരിലുള്ള ഒരേ ബാങ്കിന്റെ രണ്ട് വ്യത്യസ്ത അക്കൗണ്ടുകളിലേക്ക് തുക മാറ്റിയതായി 2017-18വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. 92400 രൂപ അത്തരത്തിൽ മാറ്റിയതായും, ഇതിനു പുറമെ ഒരു വ്യക്തിക്കു 8000 രൂപ അധികം നൽകിയതായും കണ്ടെത്തിയതിന്റെ അടസ്ഥാനത്തിൽ 100400 (92400+8000) വി.ഇ.ഒ യിൽ നിന്നും തിരികെ ഈടാക്കി. തടർന്ന് വകുപ്പ് തല നടപടിയുടെ ഭാഗമായി ടിയാന് സസ്പെൻഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

2017-18 വർഷത്തിലെ ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി മേൽ പറഞ്ഞ പ്രോജക്റ്റിന്റെ 2018-19 വർഷത്തെ (സ്പിൽ ഓവർ) ചെലവ് രേഖകൾ പരിശോധിച്ച് വി.ഇ.ഒ. അനധികൃതമായി തന്റെ അക്കൗണ്ടിലേക്ക് 53600 രൂപ മാററിയതായി കണ്ടെത്തുകയും തുക തിരികെ ഈടാക്കി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്.

തുക തിരികെ ഒടുക്കിയതിന്റെ വിവരം

| രസീതി നം./തിയതി | തുക | അക്കൗണ്ട് |
|---|---|---|
| 119010101347/01.08.2019 | 53600 | തനത് ഫണ്ട് (അക്കൗണ്ട് നം. 074510104618/) |

* കെ.എഫ്.സി വാല്യം 1 ലെ ആർട്ടിക്കിൾ 303എ, സ.ഉ(പി)നം.282/13/ഫിൻ തിയതി 12-06-2013 എന്നിവ പ്രകാരം നഷ്ടമായി കണക്കാക്കുന്ന തുക തിരികെ ഈടാക്കുമ്പോൾ നിശ്ചിത ശതമാനം പലിശ ഈടാക്കേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

* ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് നിയമം 3 പ്രകാരമുള്ള അധികാരം ഗ്രാമസഭ നിറവേറ്റിയിരുന്നെങ്കിൽ സമ്പൂർണ്ണ കക്കൂസ് നിർമ്മാണം എന്ന പ്രൊജക്ടിൽ ഇത്രയും വലിയ തട്ടിപ്പ് നടത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിക്കുമായിരുന്നില്ല.

- ഗ്രാമ പഞ്ചായത്ത് കമ്മറ്റിയും സ്റ്റാന്റിങ്ങ് കമ്മറ്റിയും വർക്കിങ്ങ് ഗ്രൂപ്പും സമ്പൂർണ്ണ കക്കൂസ് നിർമ്മാണം എന്ന പ്രൊജക്ടിന്റെ രൂപികരണത്തിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റിയില്ല.
- ജി.ഒ.(എം.എസ്) നം.72/2017/തസ്വഭവ. തിരുവനന്തപുരം, തീയതി: 29-03-2017 പ്രകാരം പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ പ്രൊജക്ട് രൂപീകരിക്കുന്നതിൽ പാലിച്ചിട്ടില്ല.

* 2017-18 ഓഡിറ്റിലും പണാപഹരണം സംബന്ധിച്ച് ഓഡിറ്റ് ഓഫീസർ ഓഡിറ്റ് അന്വേഷണം മുഖേന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഈ വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ഡി.ഡി.പി എന്നവരെ വിവരം അറിയിക്കുകയുണ്ടായി. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 305 പ്രകാരമുള്ള പ്രൊസിക്യൂഷൻ നടപടികളിലേക്ക് പോയിട്ടില്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം

| ഉദ്യോഗസ്ഥന്റെ പേരും | നിലവിലെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലാലു.കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വി.ഇ.ഒ, ചിറ്റാർ ഗ്രാമപഞ്ചായത്ത്, റാന്നി ബ്ലോക്ക്, പത്തനംതിട്ട ജില്ല | 'ധന്യം', കിണാശ്ശേരി, പാലക്കാട്- 678701 |

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 5.8.2019 and 6.8.19 | നം.കെ.എസ്.എ-പികെഡി.21-997/2019(76) തിയതി: 26-8-2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| DP | 2018-19 | 600000 | 115/19: ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| DP | 2018-19 | 2476000 | 147/19: നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 2476000 | 0 |
| DP | 2018-19 | 1263564 | 55/19: ലൈഫ് മിഷൻ പാർപ്പിട സുരക്ഷാ പദ്ധതി | 1240000 | 23564 |
| DP | 2018-19 | 2384632 | 142/19: ലൈഫ് മിഷൻ പാർപ്പിട സുരക്ഷാ പദ്ധതി | 1468876 | 915756 |
| DP | 2018-19 | 100000 | 161/19: ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | |
| DP | 2015-16 | 15000 | വാട്ടർ ഷെഡ് | 0 | 15000 |
| BP | 2018-19 | 1416000 | 47/19: നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1416000 | 0 |
| BP | 2018-19 | 690629 | 55/19: ലൈഫ് മിഷൻ പാർപ്പിട സുരക്ഷാ പദ്ധതി | 564181 | 126448 |
| BP | 2018-19 | 817680 | 142/19: ലൈഫ് മിഷൻ പാർപ്പിട സുരക്ഷാ പദ്ധതി | 346714 | 470966 |
| BP | 2017-18 | 2 | | 0 | 2 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 19/22-11-2018 & 18-11-2018 | 212636 | 0 | 212636 |
| KSEB | പട്ടികജാതി | 20/22- | 100000 | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| | കോളനികളിൽ വൈദ്യുതി ലൈൻ നീട്ടൽ | 11-2018 | | | |
| KWA | കയറംകുളം പുളിൻചുവട് പൈപ്പ് ലൈൻ | 14/18-09-2018 | 36000 | 0 | 36000 |
| KWA | പട്ടിമാർത്തറ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | 21800421/09-08-2018 | 37000 | 0 | 37000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 21,375,819രൂപ വരവുണ്ട്. മുഴുവൻ തുകയും ഭവന നിർമ്മാണ പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | പ്രകാരം ₹.56246322/- അനുവദി ച്ചിട്ടുണ്ട് | 21,375,819 | 0 | 0 | 0 | 21,375,819 |

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,35,739.രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-7 | 26,300 | ക്രൂസ്, കാസറഗോഡ് | 118010500014/ 15.10.18 |
| 2017-18 | ഓഡിറ്റ് അന്വേഷണം 4 | 85,000 | ശ്രീ. ലാലു, വി.ഇ.ഒ | 118010102190/ 29.10.18 |
| 2017-18 | ടി | 15,400 | ശ്രീ. ലാലു, വി.ഇ.ഒ | 118010102191/ 30.10.18 |
| 2017-18 | 3(2) | 9,039 | സിനി.എസ്. അസി.എഞ്ചിനീയർ | 118010105677/ 18.3.19 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-1 | 2014-15 | 4.1.13 | തൊഴിൽസേനക്കായി നൽകിയ കാർഷിക ഉപകരണങ്ങൾ ഉപയോഗമില്ലാതെ വിവിധ ഇടങ്ങളിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 3-3 | 2016-17 | 9.3.2 | ജലവിതരണവും സാമ്പത്തിക ബാധ്യതയും | ഭാഗികമായി സംയുക്ത പരിശോധന പൂർത്തിയാക്കി |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 125516974.54 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 111149573 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4539415 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 (എ) | | 12500 | ലാലു.കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16(1) | 50,000 | ശ്രീമതി. വസന്ത. ആർ, കൃഷി ഓഫീസർ |
| 1-16(2) | 25,000 | ശ്രീമതി. വസന്ത. ആർ, കൃഷി ഓഫീസർ |
| 1-16(3) | 4424415 | ശ്രീമതി. വസന്ത. ആർ, കൃഷി ഓഫീസര് |
| 1-17 | 40000 | ഡോ. കെ. എസ്. മഹി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 4539415 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഒന്നുമില്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീമതി. വസന്ത. ആർ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, തേങ്കുറിശി കൃഷിഭവൻ | ചെഴൻ ഹൗസ്<br>മന്ദത്തുകാവ്<br>തത്തമംഗലം-678102 |
| ഡോ. കെ. എസ്. മഹി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,<br>തേങ്കുറിശി | c/o ഡോ. പൂവിയരസി ഭവാനി<br>നിയർ അണ്ണാനഗർ ഗ്രേസ് സ്കൂൾ<br>കോവ്ത്തപ്പടി റോഡ്<br>സേലം |
| ലാലു.കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വി.ഇ.ഒ, ചിറ്റാർ ഗ്രാമപഞ്ചായത്ത്, റാന്നി ബ്ലോക്ക്, പത്തനംതിട്ട ജില്ല | 'ധന്യം', കിണാശ്ശേരി, പാലക്കാട്- 678701 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.പി 7/276/98/ 24.09.1998 | 14 | റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി-891/98/ 1.11.2005 | 1 | പുനരഭിപ്രായം |
| 1998-99 | എൽ.എഫ്.പി-12-929/02 / 7.10.2002 | 8 | പുനരഭിപ്രായം |
| 1999-2000 | എൽ.എഫ്.പി12-929 /2002/7.10.2002 | | സർചാർജ്ജ് നടപടി |
| 2000-01 | എൽ.എഫ്.പി 13/14/ 2005/26.10.2005 | 4 | പുനരഭിപ്രായം |
| 2001-02 | എൽ.എഫ്.പി 13/106/2005/7.8.16 | 2 | പുനരഭിപ്രായം |
| 2002-03 | എൽ.എഫ്.പി15/932/2005/7.08.16 | 2 | പുനരഭിപ്രായം |
| 2003-04 | എൽ.എഫ്.പി15/1710/2008/8.9.18 | 6 | പുനരഭിപ്രായം |
| 2004-05 | എൽ.എഫ്.പി-15/361/2011/5.3.11 | 4 | പുനരഭിപ്രായം |
| 2005-06 | എൽ.എഫ്.പി-15/1921/2015/14.01.16 | 1 | പുനരഭിപ്രായം |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.പി15-1250<br>/2011/8.8.11 | | പുനരഭിപ്രായം |
| 2007-08 | എൽ.എഫ്.പി 15/1921/2015/14.01.16 | 2 | സാധൂകരണം |
| 2008-09 | എൽ.എഫ്.പി 15/1208/2014<br>/8.8.14 | 3 | കത്ത് |
| 2009-10 | എൽ.എഫ്.പി-15/<br>121/2014/29.03.2014 | 1 | ശുദ്ധിപത്രം |
| 2010-11 | എൽ.എഫ്.പി-15/1533/2015/10.09.2015 | 2 | സർചാർജ്ജ്<br>നടപടി |
| 2011-12 | എൽ.എഫ്.പി-15/1941/2014/17.11.2014 | 2 | പുനരഭിപ്രായം |
| 2012-13 | എൽ.എഫ്.പി-15-1026/2015/5.03.16 | 4 | പുനരഭിപ്രായം |
| 2013-14<br>2014-15 | കെ.എസ്.എ<br>പി.കെ.ഡി15/364/16/29.3.16 | 15 | പുനരഭിപ്രായം |
| 2015-16 | കെ.എസ്.എ പി.കെ.ഡി15/<br>123/17/27.01.17 | 2 | പുനരഭിപ്രായം |
| 2016-17 | കെ.എസ്.എ പി.കെ.<br>ഡി15/1345/17/26.07.17 | 4 | പുനരഭിപ്രായം |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി.21-997/2019(76)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. Dopkd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലി നായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

1. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രത്യേകം തയ്യാറാക്കിയിട്ടില്ല. ഡി&ഒ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഡിമാന്റ് രജിസ്റ്റർ പ്രകാരം കുടിശ്ശിക വെള്ളക്കരം ഡിമാന്റ്, കളക്ഷൻ, ബാലൻസ് യഥാക്രമം 3701185, 1312215, 2388970 രൂപയാണ്. വാർഷിക കണക്ക് പ്രകാരം കുടിശ്ശിക ഡിമാന്റ് 2559558 രൂപയും (മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം) വരവ് 1312215 രൂപയും ബാലൻസ് 1247343 രൂപയുമാണ്.

3. സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ 31-3-2019 വരെ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

4. MNREGA ക്യാഷ്ബുക്കിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. RP(40എ) പ്രകാരം MNREGA മുന്നിരിപ്പ് 3089.50 രൂപയും RP(40 ബി) പ്രകാരം 5000.50 രൂപയുമാണ്. രജിസ്റ്റർ പ്രകാരം മുന്നിരിപ്പ് 3089 രൂപയും നീക്കിയിരിപ്പ് 5000 രൂപയുണ്ടാണ്.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD.21-997/2019(76)

Kerala State Audit Department

District Audit Office

Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of Thenkurissi Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thenkurissi Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

## Annexure

### Abstract Defects/Discrepancies

1. Abstract not written in the demand register of Property Tax of employees and certified by the Secretary. Demand register of Property Tax for Traders not kept separately. Collection amounts were recorded in D&O register. Abstract not written and certified in the register.
2. As per Water Tax demand register arrear demand, collecion and balance is 3701185, 1312215 and 2388970 respectively. As per AFS, the figures are 2559558, 1312215 and 1247343.
3. Since Sachithra Software is not linked with Sankhya, accuracy of asset value shown in balance shett could not be ascertained.
4. Yearly abstract not written and certified in the MNREGA Cash Book. Opening balance as per RP40(a) is 3089.50 and closing balance as per RP40(b) is 5000.50. As per register opening balance is 3089 and closing balance is 5000.

Deputy Director

# അനുബന്ധം - 2 വരവു ചെലവു പത്രിക - സംക്ഷിപ്തം

| Thenkurissi GramaPanchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Itemo; | Schedule No | Amount |
| | LIABILITIES | | |
| | | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Pancha yat I Municipal Fund | B-1 | 31628432.50 |
| 312000000 | Reserves | B-3 | 69974377.00 |
| | Total Reserve & Surplus | | 101602809.50 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Pmposes | B-4 | 501 1 1 15.54 |
| | Total Grants, Contributions for Specific Purposes | | 5011115.54 |
| | Loans | | |
| 330000000 | Secured Loans | B-5 | 214 158 19.00 |
| | Total Loans | | 21415819.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Recei ved | B-7 | 49 1095.00 |
| 350000000 | Other Liabilities | B-9 | 761501.50 |
| | Total Current Liabilities and Provisions | | 1252596.50 |
| | TOTAL LIABILITIES | | 129282340.54 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 897 16035.00 |
| 4 1 1000000 | Accumul ated Depreciation | B-1 1 | -2 17301.00 |
| 412000000 | Capital Work in Progress | B-1 1(a) | 267453 1 .00 |
| | Total Fixed Assets | | 92173265.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 385556.00 |
| 431000000 | Sundry Debtors (Receivables) | B-15 | 57372.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B- I 5(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 21375819.00 |
| 450000000 | Cash and Bank Balance | B-17 | 14367401.54 |
| 460000000 | Loans, Advances and Deposits | B-18 | 922927.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 37109075.54 |

Thenkurissi Grama Panchayat INCOME &
EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Itemo; | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | 1- I | 3225915.00 |
| 130000000 | Rental Income from Panchayat I Municipal Properties | 1-3 | 24705 1.00 |
| 140000000 | Fee & User Charges | I-4(b) | 658097.00 |
| 150000000 | Sale & Hire Charges | I-5(b) | 29768 1 .00 |
| 160000000 | Revenue Grants, Funds, Contributi ons & Compensations I Subsidies | 1-6 | 149528857.00 |
| 171000000 | Interest Earned | 1-8 | 199967.00 |
| 180000000 | Other Income | 1-9 | 190758.00 |
| | Total Income | | 154348326.00 |
| | | | |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 2 10000000 | Establishment Expenses | I- I O(b) | 9743834.00 |
| 220000000 | Administrative Expenses | 1- 1 l (b) | 3336792.00 |
| 230000000 | Operations & Maintenance | I- I 2(b) | 3123869.00 |
| 240000000 | Interest & Finance Charges | 1-13 | 2925.00 |
| 250000000 | Decentralised Plan Programme-Productive Sector I<br><br>Programme Expenses | 1- 14 | 765 17 16.00 |
| 251000000 | Decentrali sed Plan Programme-Service Sector | I-l4(a) | 60047044.00 |
| 252000000 | Decentralised Plan Programme-lnfrastructure Sector | I- 14(b) | 671109.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I- 14(c) | 120243.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I- 14(d) | 52183740.00 |
| 255000000 | Maintenance Projects | I-l4(e) | 15659497.00 |
| 272000000 | Depreciation | I- I 7(a) | 217301.00 |
| | Total Expenditure | | 152758070.00 |
| | Gross Surplus/ Deficit of income over Expenditure | | 1590256.00 |
| | Gross Surplus/ Deficit of income over Expenditure | | 1590256.00 |
| 290000000 | Transfer to Reserve Funds | I- 18(a) | 0.0 |

| Thenkurissi GramaPanchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Itemo; | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5460409.54 |
| Cash | Cash | RP-40(a) | 3557.00 |
| | Operating | | |
| 1 10000000 | Tax Revenue | RP- I | 7423 10.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 451774.00 |
| 150000000 | Sale & Hire Charges | RP-5 | 29768 1.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 69358351 .00 |
| 171000000 | Interest Earned | RP-9 | 199967.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13520861.00 |
| 350000000 | Other Liabilities | RP-36 | 182485.00 |
| | Non Operating | | |
| 180000000 | Other Income | RP- 10 | 190758.00 |
| 330000000 | Secured Loans | RP-32 | 21415819.00 |
| 340000000 | Deposits Recei ved | RP-34 | 243 172.00 |
| 350000000 | Other Liabilities | RP-36 | 18665 1.00 |
| 410000000 | Fixed Assets | RP-38 | 50000.00 |
| | | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 12453232.00 |
| 460000000 | Loans, Advances and Deposits | RP-47 | 759947.00 |
| | Grand total | | 125516974.54 |
| | PAYMENTS | | |
| | Operating | | |
| 2 10000000 | Establishment Expenses | RP- 1 1 | 2872085.00 |
| 220000000 | Admini strative Expenses | RP-12 | 3336792.00 |
| 230000000 | Operations & Maintenance | RP-13 | 2893458.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7651716.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 2752 1065.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 671109.00 |
| 253000000 | Decentrali sed Plan Programme- Projects not included in<br><br>Sector Division | RP-18 | 120243.00 |
| | | | |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institution s and State Sponsored Schemes | RP-19 | 204240.00 |
| 255000000 | Maintenance Projects | RP-20 | l 5659497.00 |
| 320000000 | Grants, Funds & Contribut ions for Specific Purposes | RP-31 | 690 1273.00 |
| 350000000 | Other Liabilities | RP-36 | 5315378.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP- 14 | 2925.00 |
| 340000000 | Deposits Received | RP-34 | 148060.00 |
| 350000000 | Other Liabilities | RP-36 | 1948033.00 |
| 4 10000000 | Fixed Assets | RP-38 | l 02207 10.00 |
| 4 12000000 | Capital work in Progress | RP-40 | 267453 1 .00 |
| 440000000 | Pre-paid Expenses | RP-45 | 213758 19.00 |
| 460000000 | Loans, Advances and Deposits | RP-47 | 1632639.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14271498.54 |
| Cash | Cash | RP-40(b) | 95903.00 |
| | Grand Total | | 125516974.54 |